**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാപെക്സിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തോട്ടണ്ടി വാങ്ങിയതിൽ അഴിമതി നടത്തിയതായി ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി എം.ഡി.യെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പരിശോധനാ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (ബി) | പരിശോധന റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളുടെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സർക്കാർ ഉത്തരവ് പാലിക്കാതെ 2018, 19 വർഷങ്ങളിൽ തോട്ടണ്ടി വാങ്ങിയത് വിജിലൻസ് അന്വേഷിക്കണമെന്നും കാപെക്സിനുണ്ടായ കോടികളുടെ നഷ്ടം എം.ഡി.യിൽ നിന്ന് ഈടാക്കണമെന്നുമുള്ള ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2018,2019 വർഷങ്ങളിൽ കാപ്പക്സ് തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും, ആയതിന്മേൽ തുടർനടപടികൾ നടന്നു വരുന്നു. കൂടാതെ ധനകാര്യ പരിശോധന റിപ്പോർട്ടിലെ മറ്റ് ശിപാർശകളിൽ തുടർനടപടി സ്വീകരിക്കുന്നതിനായി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കാപ്പക്സിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിലെ ശിപാർശകൾ**

1. കേരളത്തിലെ സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനുള്ള 2018, 2019 വർഷങ്ങളിലെ സർക്കാർ ഉത്തരവുകളെ അട്ടിമറിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്ന്/വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത ഗുണമേന്മ കുറഞ്ഞ തോട്ടണ്ടി, വ്യാപാരികളിൽ നിന്നും വാങ്ങി ടി വ്യാപാരികൾക്ക് കൊള്ളലാഭം നേടുന്നതിനും കാപ്പെക്സിന് വൻ സാമ്പത്തിക നഷ്ടം വരുത്തിയതിനും കാരണക്കാരനായ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് തൽസ്ഥാനത്ത് തുടരുന്നത് സർക്കാരിന്റെയും കാപ്പെക്സിന്റെയും താല്പര്യങ്ങൾക്ക് വിരുദ്ധ മായതിനാൽ ടിയാനെ അടിയന്തിരമായി കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തു നിന്നും മാറ്റേണ്ടതാണ്.
2. സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018,/വ്യവ തീയതി 16-05-2018) ദുരുപയോഗം ചെയ്ത് അന്യ സംസ്ഥാനത്ത് നിന്നും/വിദേശ രാജ്യത്ത് നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ച് കൊള്ളലാഭം നേടുന്നതിന് ശ്രീ.ഷിബു.ടി.സി എന്ന വ്യാപാരിക്ക് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷ് ഒത്താശ നൽകി. പ്രസ്തുത വാങ്ങലിലൂടെ കാപ്പെക്സിന് ഉണ്ടായ സാമ്പത്തിക നഷ്ടം തമിഴ്നാട്ടിലെ കമ്പനികൾ മേൽ തോട്ടണ്ടി തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനിക്ക് എന്തു തുകയ്ക്ക് നൽകി എന്നതിനെയും, തമിഴ്നാട്ടിലെ മേൽ കമ്പനികൾ എന്തുവിലയ്ക്കാണ് ടി തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും വാങ്ങി എന്നതിനെയും ആശ്രയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവിനെ അട്ടിമറിച്ച് 2018, 2019 വർഷങ്ങളിൽ വ്യാപാരികളിൽ നിന്ന് തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തേണ്ടതാണ്.
3. 2018-ൽ ശ്രീ.ഷിബു.ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിനുള്ള പെയ്മെന്റിന് ആധാരമായ വൗച്ചറുകൾ, ഇ-വേ ബില്ലുകൾ എന്നിവയിൽ ശ്രീ.ഷിബു.ടി.സിയുടെ പേരിന് പകരം തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ പേരാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കാപ്പെക്സ് നാടൻ തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചത് കർഷകനായ ശ്രീ.ഷിബു.ടി.സിയിൽ നിന്നുമായിരുന്നു. ശ്രീ.ഷിബു.ടി.സി യുടെ പേരിന് പകരം തെക്കുംമറ്റത്തിൽ ട്രെയിഡിംഗ് കമ്പനിയുടെ പേരിലുള്ള രേഖകളെ അടിസ്ഥാനമാക്കി തുക അനുവദിച്ച് കൊടുത്തപ്പോൾ പ്രസ്തുത വീഴ്ച കണ്ടെത്തി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ.സജീവകുമാർ.കെ, കരാർ അടിസ്ഥാന ത്തിൽ ജോലി നോക്കുന്ന കൊമേഴ്സ്യൽ അസിസ്റ്റന്റായ ശ്രീമതി. മഞ്ജു, കൊമേഴ്സ്യൽ മാനേജർ ശ്രീ.പി.സന്തോഷ് കുമാർ എന്നീ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ശ്രീ.ആർ.രാജേഷിന് ഉപജീവനബത്ത അനുവദിച്ച് കൊടുത്തതിനും ശ്രീ.സജീവകുമാർ.കെ, അക്കൗണ്ട്സ് ഓഫീസർ, ശ്രീ.പി.സന്തോഷ് കുമാർ - കൊമേഴ്സ്യൽ മാനേജർ എന്നിവർ ഉത്തരവാദികളാണ്. ശ്രീ.സജീവ കുമാർ.കെ, സർവീസിൽ നിന്ന് വിരമിച്ച ശേഷവും കാപ്പെക്സിൽ ജോലി ചെയ്തുവരുന്നത് ക്രമവിരുദ്ധമാണ്. മേൽ വീഴ്ചകൾക്ക് പ്രധാന ഉത്തരവാദിയായ ശ്രീ.സജീവകുമാർ.കെ-യെ കാപ്പെക്സിലെ സേവനത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ സ്ഥിരം ജീവനക്കാരായ ഉദ്യോഗസ്ഥർക്കെതിരെ

വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

4. 2019 ൽ കർഷകരിൽ നിന്നും നേരിട്ട് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ ദുരുപയോഗം ചെയ്തും, കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും നൽകിയ തോട്ടണ്ടിയുടെ വിലയിനത്തിൽ മഹ്സൂഖ് ട്രെയിഡിംഗ് കമ്പനിക്ക് നൽകുവാൻ ശേഷിക്കുന്ന 118 ലക്ഷം രൂപ അനുവദിച്ച് നൽകേണ്ടാത്തതും, രണ്ടു ഘട്ടങ്ങളിലായി മഹ്സൂഖ് ട്രെയിഡിംഗ് കമ്പനിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് സംഭവിച്ച നഷ്ടമായ 2,09,35,000/- രൂപ (രണ്ടു കോടി ഒമ്പത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപാ മാത്രം) രൂപയിൽ മേൽ 118.08 ലക്ഷം രൂപ കുറവ് ചെയ്തതിന് ശേഷമുള്ള നഷ്ടമായ 91.27 ലക്ഷം രൂപയുടെ നഷ്ടം കാപ്പെക്സിന് ഉണ്ടാക്കുന്നതിന് കാരണക്കാരനായ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിൽ നിന്നും ഈടാക്കേണ്ടതുമാണ്.
5. 23.12.2020 - ലെ സ.ഉ (സാധാ) നം. 1101/20/വ്യവ ഉത്തരവിനും കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്കും വിരുദ്ധമായി ഉപജീവനബത്തയിനത്തിൽ ശ്രീ. ആർ. രാജേഷ് അധികമായി കൈപ്പറ്റിയ 7,08,326/- രൂപയും (ഏഴു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിയിരുപത്തിയാറു രൂപ) ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുള്ള ഡി.എ കുടിശ്ശികയിനത്തിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുകയും കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ശ്രീ.ആർ.രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. വില നിർണ്ണയ സമിതിയുടെ ഉത്തരവ് പ്രകാരം കർഷകരിൽ നിന്നും ഭാവിയിൽ തോട്ടണ്ടി സംഭരിക്കുമ്പോൾ ആയത് യഥാർത്ഥ കർഷകരിൽ നിന്നാണെന്ന് ഭരണ വകുപ്പ് ഉറപ്പു വരുത്തേണ്ടതും ആയതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.